സബ്മിഷൻ

സത്യന്റെ കുടുംബത്തിന് ധനസഹായം

ശ്രീമതി പി. അയിഷാ പോറ്റി: സർ, അങ്ങേയറ്റം വിഷമമുണ്ടാക്കിയ ഒരു സംഗതിയെ സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. ഈ മാസം 9-ാം തീയതി രാത്രി എന്റെ മണ്ഡലത്തിൽപ്പെട്ട കരീപ്ര പഞ്ചായത്തിലെ നെടുമൺകാവ് വാരിയത്ത് വീട്ടിൽ മോഹനൻ, നെടുമൺകാവിൽ കൂടി ഒഴുകി പോകുന്ന തോട് മുറിച്ചുകടക്കവെ വെള്ളത്തിൽ മുങ്ങിപ്പോകുകയും ഇയാളുടെ രക്ഷിക്കണമെന്ന നിലവിളി കേട്ടുകൊണ്ട് തൊട്ടടുത്ത് താമസിക്കുന്ന ശ്രീമംഗലം വീട്ടിൽ സത്യൻ ഓടിച്ചെന്ന് വെള്ളത്തിലേയ്ക്ക് എടുത്തുചാടി ഇയാളെ രക്ഷപ്പെടുത്തി. പക്ഷെ രക്ഷപ്പെടുത്താൻ പോയ സത്യൻ വെള്ളത്തിൽ മുങ്ങി മരിക്കാനിടയായ അതി ദാരുണമായിട്ടുള്ള സംഭവമാണുണ്ടായത്. നല്ല വീതിയുള്ള തോടാണ്, പക്ഷെ തോടിനുകുറുകെ വീതികുറഞ്ഞ ചെറിയൊരു നടപ്പാലം മാത്രമാണുണ്ടായിരുന്നത്. നാട്ടിലെ ജനങ്ങളുടെ ആവശ്യപ്രകാരം വീതി കൂട്ടിയ ഒരു പാലവും അപ്രോച്ച് റോഡും പണിയാൻ നാട്ടുകാരെല്ലാം കൂടി ചേർന്ന ആലോചനായോഗത്തിന് ഏറ്റവും മുന്നിൽ വന്നിരുന്ന ആളായിരുന്നു സത്യൻ.

എനിക്കും നേരിട്ടറിയാവുന്ന ആളായിരുന്നു. എനിക്ക് കുറച്ച് സ്ഥലമാണുള്ളതെങ്കിലും നാട്ടിലെ വികസനത്തിനുവേണ്ടി എന്റെ സ്ഥലം വിട്ടുതരാമെന്ന് പറഞ്ഞ് സ്ഥലവും വിട്ടുതന്നയാളായിരുന്നു അദ്ദേഹം. ആ വീടിനെ രക്ഷിക്കാൻ ആരുമില്ലാത്തൊരു അവസ്ഥയുണ്ട്. ഇയാളുടെ ജീവൻ നഷ്ടപ്പെട്ടു, വീട്ടുക്കാർക്ക് ആരും ഇല്ലാതായി. തീർച്ചയായിട്ടും ഈ ഗവൺമെന്റ് സത്യന്റെ കുടുംബത്തിന് പരമാവധി തുകയും മറ്റു സഹായങ്ങളും നൽകണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (<u>ശ്രീ.പിണറായി വിജയൻ</u>): സർ, മരണപ്പെട്ട സത്യന്റെ ആശ്രിതർക്ക് ധനസഹായം ലഭിക്കുന്നതിനായി ബന്ധപ്പെട്ട രേഖകൾ സഹിതമുള്ള അപേക്ഷകൾ ജില്ലാകളക്ടർ ശിപാർശ ചെയ്യുന്ന മുറയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതാണ്.

റോഡപകടങ്ങളിൽ മരണപ്പെട്ടവർക്ക് ധനസഹായം

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, സമാനമായൊരു സംഭവമാണ്. എന്റെ നിയോജകമണ്ഡലത്തിലെ ചാത്തന്നൂർ ഗ്രാമപഞ്ചായത്തിൽ ചാത്തന്നൂർ ഏറം കൊല്ലന്റഴികത്ത് വീട്ടിൽ 40 വയസ്സുള്ള ഷിബു ശിവാനന്ദൻ, ഷിബുവിന്റെ ഭാര്യ

35 വയസ്സുള്ള സിജി, ഈ ദമ്പതികളുടെ 11 വയസ്സുള്ള മകൻ ആദിത്യൻ എന്നിവരാണ് മാർച്ച് 16-ാം തീയതി ചാത്തന്നൂർ തിരുമുക്കിലുണ്ടായ അപകടത്തെത്തുടർന്ന് മരണപ്പെട്ടത്. അവരോടൊപ്പം യാത്രചെയ്തിരുന്ന ഇളയ കുട്ടി 7 വയസ്സുള്ള ആദിഷ് ചെറിയ പരിക്കുകളോടെ രക്ഷപ്പെട്ടു. അന്നു രാവിലെയാണ് ഷിബു ഗൾഫിൽ നിന്നും വന്നത്. ആദിച്ചനല്ലൂരിലെ സഹോദരിയെ കാണാൻ പോയ വഴിക്കാണ് ഈ കുടുംബം അപകടത്തിൽപ്പെടുന്നത്. അമിത വേഗതയിൽ ഓവർ ടേക്ക് ചെയ്ത് കയറിവന്ന സൂപ്പർ ഫാസ്റ്റ് ബസ് ആണ് ഈ ദാരുണമായ അപകടം ഉണ്ടാക്കിയത്. ആ ബസ്സ് കയറിയിറങ്ങി മൂന്ന് ജീവനുകൾ പിടഞ്ഞു മരിക്കുന്നത് 7 വയസ്സുള്ള കുട്ടി കണ്ടുകൊണ്ടിരിക്കുകയാണ്. ഇക്കഴിഞ്ഞ വെള്ളിയാഴ്ച ചാത്തന്നൂർ തിരുമുക്കിലുണ്ടായ ഈ സംഭവം ആരുടെയും കരൾ അലിയിപ്പിക്കുന്നതാണ്. ഒരു കുടുംബത്തിലെ 3 പേർ, അച്ഛന്റെയും അമ്മയുടെയും മകന്റെയും ജീവിതം നിലത്തിൽ പൊലിയുമ്പോൾ അവരോടൊപ്പം യാത്ര ചെയ്തിരുന്ന ഇളയ മകൻ ആദിഷ് സകലതിനും സാക്ഷിയായി നിർവികാരനായി നീർവറ്റിയ മിഴികളുമായി നിൽക്കുന്ന കാഴ്ച ആരെയും കണ്ണീരണിയിപ്പിക്കുന്നതാണ്. എല്ലാം നഷ്ടപ്പെട്ട് ദുഃഖത്തിന്റെ കയത്തിൽ കഴിയുന്ന ആ കുട്ടിയുടെ

ഭാവിയെക്കുറിച്ച് എല്ലാവർക്കും ഉൾകണ്ഠയുണ്ട്. ആദിഷിനെപ്പോലെ തന്നെ മകനെയും മകളെയും നഷ്ടപ്പെട്ട മാതാപിതാക്കൾക്കുണ്ടായ ദുഃഖവും നഷ്ടവും പരിഹരിക്കാൻ കഴിയാത്തതാണ്. ദാരുണമായ ഈ അപകടം അതിനെത്തുടർന്നുണ്ടായ ദുഃഖകരമായ സാഹചര്യവും പരിഗണിച്ച് മരണപ്പെട്ടവരുടെ കുടുംബത്തിന് 10 ലക്ഷം രൂപയുടെ ആശ്വാസ ധനസഹായം പ്രഖ്യാപിക്കണമെന്ന് സവിനയം അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഓരോ അപകടവും പരിശോധിച്ചാൽ ദയനീയമായ അവസ്ഥകളാണുണ്ടാകുക. ഇക്കൂട്ടത്തിൽ ഒരു കാര്യം പ്രസ്താവിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്നലെ എന്റെ ഒരു അകമ്പടി വാഹനം അപകടത്തിൽപ്പെട്ടുവെന്നൊരു വാർത്ത ഇന്നൊരു പത്രത്തിലുണ്ട്. യഥാർത്ഥത്തിൽ അത് വസ്തുതയല്ല. ഞങ്ങൾ ചെങ്ങന്നൂരിലേയ്ക്ക് പോകുന്ന ഘട്ടത്തിൽ ബഹുമാന്യനായ ജലവിഭവ വകുപ്പുമന്ത്രി മാത്യു ടി. തോമസ് മുന്നിലുണ്ടായിരുന്നു. ഞങ്ങൾ ഒന്നിച്ച് പുറപ്പെട്ടതല്ല, കൊട്ടാരക്കരയ്ക്കും കുറച്ച് ഇപ്പുറത്തായി ഒരു ആക്സിഡന്റ് നടക്കുന്നു. അപ്പോൾ അദ്ദേഹം അവിടെ ഇറങ്ങി. ഹൈവേ പട്രോൾ നടത്തുന്ന വണ്ടി

കെ.എസ്.ആർ.ടി.സി ബസ്സുമായി ഇടിച്ചതാണ്. ഈ അപകടം നടന്ന സമയത്തുതന്നെയാണ് ഞാനും അവിടെ എത്തുന്നത്. എന്റെ പിന്നാലെ ബഹുമാന്യനായ രാമചന്ദ്രൻ കടന്നപ്പള്ളിയുമുണ്ട്. നമ്മളെയെല്ലാവരെയും കണ്ടപ്പോൾ മുഖ്യമന്ത്രിയുടെ അകമ്പടി വാഹനം ഇടിച്ചതാണെന്നു തോന്നി. അങ്ങനെയാണ് ആ വാർത്ത യഥാർത്ഥത്തിൽ ഉണ്ടായത്. ഇക്കാര്യത്തിൽ ബഹുമാന്യനായ അംഗം ഉന്നയിച്ച കാര്യത്തിൽ അപകടത്തിൽപ്പെട്ട് മരണപ്പെട്ടവരുടെ ധനസഹായം സംബന്ധിച്ച് ഉചിതമായ തീരുമാനം സാധാരണ നടപടിക്രമം അനുസരിച്ച് കൈക്കൊള്ളുന്നതാണ്.

കയർ സഹകരണ സംഘം

ശ്രീ. സി. കെ. നാണു: സർ, വടകര നിയോജകമണ്ഡലത്തിലെ ചോറോട് പഞ്ചായത്തിൽ 33 സെന്റ് സ്ഥലത്ത് നല്ല കെട്ടിടത്തോടുകൂടി 100 തൊഴിലാളികൾ ചേർന്ന് ആരംഭിച്ചതാണ് ഈ സ്ഥാപനം. പക്ഷെ കുറച്ച് കാലമായി ഈ സ്ഥാപനത്തിന് പ്രവർത്തിക്കാൻ സാധിക്കുന്നില്ല. അതിന് ഒരു കാരണം, ആവശ്യത്തിന് അവർക്ക് ചകിരി ലഭിക്കുന്നില്ല. കൊല്ലം, ആലപ്പുഴ ഭാഗങ്ങളിലൊക്കെയുള്ളത് പോലെയുള്ള മെഷീനുകൾ അവർക്ക് ലഭിക്കുന്നില്ല. ആ പഞ്ചായത്തിലെ കുറെ സ്ത്രീകൾ വന്ന് എനിക്ക് തന്ന നിവേദനത്തിന്റെ

അടിസ്ഥാനത്തിലാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. അവിടെയുള്ള ജീവനക്കാർക്ക് എൺപതിനായിരത്തോളം രൂപ കുടിശ്ശികയായി കൂലി ലഭിക്കാനുണ്ട്. ഉൽപ്പാദനം വർദ്ധിപ്പിക്കാൻ സാധിക്കുന്ന, കുറെ സ്ത്രീകൾക്ക് ജോലിയെടുക്കാൻ സാധിക്കുന്ന ഒരു സ്ഥാപനമായിരുന്നു. മുമ്പൊക്കെ നമ്മുടെ ആവശ്യത്തിന് ചകിരി ലഭിച്ചിരുന്നു. പഴയ കാലത്ത് വടകരയിൽ നിന്നായിരുന്നു തമിഴ്നാട്ടിലൊക്കെ ചകിരി കൊണ്ടുപോയിരുന്നത്. ഇപ്പോൾ ഇവിടെയൊരു നിയമം കൊണ്ടുവന്നു. അതിനുശേഷം ഞങ്ങളുടെ ആ പ്രദേശങ്ങളിൽ ഒന്നും ചകിരി ഉണ്ടാക്കാൻ സാധിക്കുന്നില്ല. അതിന്റെ ഫലമായി ചകിരി ലഭിക്കാൻപോലും ബുദ്ധിമുട്ടായി വന്നു. പഴയക്കാലത്ത് വടകരയിലുള്ള ഏറ്റവും വലിയ കുടിൽ വ്യവസായമായിരുന്നു ചകിരി. അത് നിന്നുപോയി. അതിനുശേഷമാണ് ഇത് സൊസൈറ്റികളുടെ നേതൃത്വത്തിൽ ആരംഭിച്ചത്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഇത് പരിശോധിക്കണം. ഇപ്പോൾ പുതിയ 5 മെഷീനുകൾ കിട്ടി. പുതിയതായി 5 മെഷീനുകൾ കൂടി വരുന്നുണ്ട്. കുറച്ച് സാമ്പത്തികമായി സഹായിച്ച് ആ സ്ഥാപനം നല്ല നിലയിൽ പ്രവർത്തിക്കാനാവശ്യമായ സഹായം ബഹുമാനപ്പെട്ട ധനകാര്യ

വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ 100 പേർ പണിയെടുത്തിരുന്ന സ്ഥാപനത്തിൽ ഇപ്പോൾ 13 പേരാണ് പണിയെടുക്കുന്നത്. പ്രധാനപ്പെട്ട കാരണം കോഴിക്കോട് മെഷീൻ റാട്ട് യാൺ എന്ന് പറഞ്ഞ് അവിടെ മാത്രം പിരിക്കുന്ന പ്രത്യേകതരം ചൂടിയാണ് ഉണ്ടാക്കുന്നത്. അതിന് ഡിമാന്റേയില്ല. കയർ ഫെഡ് വാങ്ങുന്നതുതന്നെ ഉൽപ്പാദന ചെലവിനേക്കാൾ കുറഞ്ഞ വിലയ്ക്കാണ്. എന്നിട്ടും 30 ശതമാനം വിലകുറച്ചാണ് വിറ്റുപോകുന്നത്. അതുകൊണ്ട് പരിശോധനയുടെ അടിസ്ഥാനത്തിൽ, ഒരു പുതിയ ഇലക്ട്രോണിക് റാട്ടിലേക്ക് മാറി, അതിനുള്ള പരിശീലനം കൊടുത്ത് പുതിയ യാൺ പിരിപ്പിക്കാം. അതുപോലെ 100 ക്വിന്റൽ പിരിക്കുന്നവർക്കേ വർക്കിംഗ് ക്യാപിറ്റൽ കൊടുക്കുന്നുള്ളൂ. ഇവിടെ ഒരിക്കലും അത്രയും പിരിച്ചിട്ടില്ലല്ലോ; അതിൽ നിന്നും ഇളവ് നൽകി അവർക്ക് വർക്കിംഗ് ക്യാപിറ്റൽ നൽകുന്നതിനുള്ള ഏർപ്പാട് ചെയ്യാം.

ശ്രീ. സി. കെ. നാണു: സർ, അവിടെ പണിയെടുക്കുന്ന തൊഴിലാളികൾക്ക് എൺപതിനായിരത്തോളം രൂപ കൂലിയിനത്തിൽ

കുടിശ്ശികയുണ്ട്. അത് നൽകുന്നതിനുള്ള ധനസഹായം ലഭ്യമാക്കണം.

ഡോ. ടി. എം. തോമസ് ഐസക്: വർക്കിംഗ് ക്യാപിറ്റൽ കിട്ടുമ്പോൾ അതിൽ നിന്നും കൊടുക്കാനുള്ള കൂലി കൊടുത്തോട്ടെ. കൂലി ബാങ്കിൽ ഇടുമ്പോൾ സർക്കാരിന്റെ ഇൻകം സപ്പോർട്ട് സ്കീമിന്റെ പണവുംകൂടി അവർക്ക് ലഭ്യമാകും.

തലാസ്സിമിയ രോഗബാധിതരുടെ ചികിത്സ

ശ്രീ. എ. എൻ. ഷംസീർ: സർ, തലാസ്സിമിയ ഒരു രക്തജന്യ രോഗമാണ്. ഇതുവരെ ഈ രോഗത്തിന് ഫലപ്രദമായ ഡയഗ്നോസിസ് കണ്ടെത്തിയിട്ടില്ല. ഈ രോഗികൾക്ക് ലൂക്കോസൈറ്റ് ഫിൽട്ടർ സെറ്റ് അത്യാവശ്യമാണ്. ഏതാണ്ട് ഒരു വർഷം 12 തവണയെങ്കിലും രക്തം ഇവർക്ക് സ്വീകരിക്കേണ്ടി വരുന്നു. ഞാൻ ഈ സബ്മിഷനിലൂടെ സർക്കാരിന് മുമ്പാകെ സമർപ്പിക്കുന്നത് പതിനെട്ട് വയസ്സിനുതാഴെയുള്ള രോഗികൾക്ക് മാത്രമാണ് ഫിൽട്ടർ സെറ്റ് സൗജന്യമായി ഇപ്പോൾ സർക്കാർ നൽകുന്നത്. ഈ രോഗികൾ കൂടുതലായുള്ളത് മലബാർ മേഖലയിലാണ്. അവർ കോഴിക്കോട് മെഡിക്കൽ കോളേജിനെയാണ് ആശ്രയിക്കുന്നത്. കോഴിക്കോട് മെഡിക്കൽ കോളേജിലാണെങ്കിൽ രക്തത്തിലെ രോഗാണുക്കളെ വേർതിരിക്കാനുള്ള

സംവിധാനം ഇപ്പോഴില്ല. അതുകൊണ്ട് കോഴിക്കോട് മെഡിക്കൽ കോളേജിലെ ബ്ലെഡ് ബാങ്കിൽ രക്താണുക്കളെ വേർതിരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം. ഒപ്പം പ്രായഭേദമന്യേ എല്ലാ തലാസ്സിമിയ രോഗികൾക്കും ഫിൽട്ടർ സെറ്റ് സൗജന്യമായി നൽകുകയും കൂടാതെ തലാസ്സിമിയ രോഗികൾക്ക് ജീവൻ രക്ഷാമരുന്നുകളും ഫിൽട്ടർ സെറ്റും നൽകുന്നതിന് കാരുണ്യ ഫണ്ടിൽ കൊണ്ടുവരാൻ സാധിക്കുമോ; അതിന് സർക്കാരിന്റെ ഭാഗത്തുനിന്നും അടിയന്തര ഇടപെടലുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി ശൈലജ ടീച്ചർ): സർ, തലാസ്സിമിയ ഒരു ജനിതകരോഗമാണ്. ഹീമോഗ്ലോബിന്റെ അസാധാരണമായ ഉല്പാദനം കാരണം ചുവന്ന രക്താണുക്കൾ നശിക്കുന്നതുകൊണ്ടുണ്ടാകുന്ന വിളർച്ചാരോഗത്തെയാണ് തലാസ്സിമിയ എന്ന് പറയുന്നത്. വ്യക്തമായ ചികിത്സ ഇതുവരെ കണ്ടെത്താൻ കഴിയാത്ത രോഗമായതിനാൽ രക്തം കൃത്യമായ ഇടവേളകളിൽ ശുദ്ധീകരിക്കുക എന്നതാണ് ഇതിന്റെ ചികിത്സാ രീതി. കുറഞ്ഞത് മാസത്തിൽ ഒരുതവണയെങ്കിലും പൊതുരക്തം സ്വീകരിക്കേണ്ടിവരുന്ന രോഗികൾക്ക്

ശ്വേതരക്താണുക്കൾ രക്തത്തിൽ കലരാതിരിക്കുന്നതിനായി ലൂക്കോസൈറ്റ് ഫിൽട്ടർ സെറ്റ് ഉപയോഗിക്കാറുണ്ട്. തലാസ്സിമിയ ആർ.ബി.എസ്.കെ. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും 18 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യമായി ചികിത്സ നൽകിവരുന്നതുമാണ്. നേരത്തെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ അതിനുശേഷമുള്ള ആളുകളുടെ പ്രശ്നമാണ് ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. രക്തഘടകങ്ങൾ ഉണ്ടാക്കുമ്പോൾ തന്നെ ശ്വേതരക്താണുക്കളെ കുറയ്ക്കാനുള്ള സംവിധാനം, കമ്പോണൻസ് സെപ്പറേഷൻ യൂണിറ്റ് ഒരുക്കേണ്ടതായിട്ടുണ്ട്. ഇത് കോഴിക്കോട് മെഡിക്കൽ കോളേജിൽ ഇല്ല. മറ്റൊരു കാര്യമുള്ളത്, ഡിസെബിലിറ്റി ആക്ട് 2016-ൽ മൂന്ന് തരത്തിലുള്ള ബ്ലഡ് റിലേറ്റഡ് ഡിസ്ഓർഡേഴ്സ് ഉണ്ട് തലാസ്സിമിയ, ഹീമോഫീലിയ, സിക്കിൾസെൽ അനീമിയ. ഇവ മൂലമുണ്ടാകുന്ന വൈകല്യങ്ങൾ കൂടി ഉൾപ്പെടുത്തിയതിനാൽ സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന നമുക്ക് ഇതിനാവശ്യമായ സഹായം ചെയ്യാൻ കഴിയുന്ന അവസ്ഥയുണ്ട്. അതുകൂടി ഉപയോഗപ്പെടുത്തിക്കൊണ്ട് മൂന്ന് മേഖലകളിലെങ്കിലും ഈ പറയുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്നാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ

ഇത്തരത്തിലുള്ള കമ്പോണൻസ് സെപ്പറേഷൻ യൂണിറ്റ് സ്ഥാപിക്കാൻ ശ്രമിക്കുന്നതാണെന്ന് അറിയിക്കുകയാണ്.

മലമ്പുഴ റിംഗ് റോഡ്

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ മലമ്പുഴ ഡാം പരിസരത്ത് നിന്ന് ആരംഭിച്ച് അക്കര പ്രദേശത്തെ ബന്ധിപ്പിക്കുന്ന മലമ്പുഴ റിംഗ് റോഡിന്റെ പ്രവൃത്തി നാളിതുവരെ പൂർത്തീകരിക്കപ്പെട്ടിട്ടില്ല. 1980-ലാണ് റിംഗ് റോഡിന്റെ ആദ്യഘട്ട പ്രവൃത്തി മലമ്പുഴ ഡാം പരിസരം മുതൽ അക്കര കവാ പ്രദേശം വരെ തുടങ്ങിയത്. 1990-കളിൽ കവാ, കുരുത്തിക്കാവ്, ആനക്കല്ല്, എലിവാൽ എന്നീ പ്രദേശങ്ങളിലേയ്ക്ക് ഇത് ദീർഘിപ്പിച്ചു. എന്നാൽ ഇതിന്റെ തുടർച്ചയായ എലിവാൽ പ്രദേശം മുതൽ തെക്കേ മലമ്പുഴ വരെയുള്ള റോഡും റോഡിനെ ബന്ധിപ്പിക്കുന്ന പാലവും പൂർത്തീകരിക്കാതെ കിടക്കുകയാണ്. ഏതാണ്ട് 10 വർഷത്തിലേറെയായി പ്രവർത്തിക്കാനാകാതെ കിടക്കുന്ന മലമ്പുഴ റിംഗ് റോഡ് പ്രദേശത്തെ ജനങ്ങളുടെ ചിരകാല അഭിലാഷമാണ് മലമ്പുഴയിൽ നിന്ന് ആരംഭിച്ച് ചേമ്പന, വലിയകാട്, ആനക്കല്ല്, പൂക്കുണ്ട് എന്നീ പ്രദേശങ്ങളിലൂടെ കടന്നുപോകുന്ന റോഡ് മലമ്പുഴ ഡാം പരിസരത്ത് എത്തിച്ചേരുന്നു. 2017-18

ബഡ്ജറ്റിൽ 10 കോടി രൂപ പദ്ധതി നടപ്പിലാക്കുവാൻ തത്വത്തിൽ തുക വകയിരുത്തിയിരുന്നു. നിർവ്വഹണ ചുമതലയുള്ള പൊതുമരാമത്ത് നിരത്ത്, ബ്രിഡ്ജസ് വകുപ്പുകൾ പണി പൂർത്തീകരിക്കാനുള്ള മൈലാടിപ്പുഴയ്ക്ക് കുറകെയുള്ള പാലത്തിന്റെയും റോഡിന്റെയും ഡി.പി.ആർ. തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്ഥലപരിശോധനാ റിപ്പോർട്ട് വകുപ്പിലെ ഡിസൈൻ വിംഗ് II-ന് രണ്ട് മാസം മുമ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ചിരിക്കുകയാണെന്നും മനസ്സിലാക്കുന്നു. കൂടാതെ റോഡിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി സ്വകാര്യവ്യക്തികൾ മലമ്പുഴ ഗ്രാമപഞ്ചായത്തിന്റെ ഇടപെടലിലൂടെ സ്ഥലം വിട്ട് കൊടുക്കുകയും ചെയ്തിട്ടുണ്ട്. നിർദ്ദിഷ്ട റിംഗ് റോഡിന്റെ 230 മീറ്റർ ഭാഗം വനം വകുപ്പിന്റെ കുറുപ്പ് റോഡിലാണ്. പൊതുജനങ്ങളുടെ ഗതാഗതാവശ്യത്തിനായി ഈ ഭാഗത്തെ റോഡിന് വനം വകുപ്പിന്റെ നിരാക്ഷേപപത്രം ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഞാൻ സ്ഥലം ഡി.എഫ്.ഒ.-യോട് പ്രവൃത്തിയുടെ അവലോകനയോഗത്തിൽ നിർദ്ദേശം നൽകിയിരുന്നു. റിംഗ് റോഡിന്റെ പ്രവൃത്തി പൂർത്തീകരണം നീണ്ടുപോകുന്നത് പ്രദേശത്തെ ജനങ്ങളെ ആശങ്കയിലാക്കുന്ന അവസ്ഥയുണ്ട്. നിലവിൽ മേൽപ്പറഞ്ഞ പ്രദേശത്തെ ജനങ്ങൾക്ക് 32 കിലോമീറ്റർ യാത്ര ചെയ്തുവേണം മലമ്പുഴ ബസ് സ്റ്റാന്റ്

പരിസരത്ത് എത്തിച്ചേരാൻ. റിംഗ് റോഡ് പൂർത്തീകരിക്കപ്പെട്ടാൽ 5 കിലോമീറ്ററായി ഈ അകലം കുറയും. കൂടാതെ മലമ്പുഴയുടെ വിനോദസഞ്ചാര സൗകര്യങ്ങളും ഇക്കോ ടൂറിസം സാധ്യതയും വർദ്ധിപ്പിക്കാൻ ഇത് ഇടയാക്കും. മലമ്പുഴയിൽ ആനക്കല്ല് ഹൈസ്കൂൾ, മൃഗസംരക്ഷണ ഓഫീസ്, ഹോമിയോ ആശുപത്രി എന്നിവയൊക്കെ ഡാമിന്റെ അക്കരപ്രദേശത്താണ് പ്രവർത്തിക്കുന്നത്. ഈ പ്രദേശത്ത് പാറക്കുളം, അയ്യപ്പൻപൊറ്റ തുടങ്ങിയ മറ്റ് പട്ടികവർഗ്ഗ കോളനികളിൽ നാന്നൂറോളം ആദിവാസി കുടുംബങ്ങളുണ്ട്. ചെറുകിട കർഷകരും 150-ഓളം എസ്.സി. കുടുംബങ്ങളുമുണ്ട്. 2017-ലെ നിയമസഭാ തെരഞ്ഞെടുപ്പ് കാലഘട്ടത്തിൽ ഞാൻ ജനങ്ങൾക്ക് കൊടുത്ത വാഗ്ദാനമാണ് മലമ്പുഴ റിംഗ് റോഡ് പൂർത്തീകരിക്കുമെന്നത്. ആയതിനാൽ മലമ്പുഴ നിവാസികളുടെ ചിരകാല അഭിലാഷമായ മലമ്പുഴ റിംഗ് റോഡിന്റെ പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കുവാൻ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): സർ, ബഹുമാനപ്പെട്ട വി.എസ്. അച്യുതാനന്ദൻ ഇവിടെ ഉന്നയിച്ച മലമ്പുഴ റിംഗ് റോഡിലെ മൈലാടിപ്പുഴയ്ക്ക് കുറുകെയുള്ള പാലം പണിയുന്നതിനായി ഈ

ഗവൺമെന്റ് അധികാരത്തിൽ വന്ന, 2016-17-ൽത്തന്നെ 31-10-2016-ൽ ഉത്തരവിറക്കിയിട്ടുള്ളതാണ്. 10 കോടി രൂപയ്ക്ക് ഭരണാനുമതിയും നൽകിയിട്ടുണ്ട്. അദ്ദേഹം പറഞ്ഞതുപോലെ, ഡാം റിസർവോയറിന് മറുകരയിലുള്ള എലിവാൽ കോളനിനിവാസികളെ മലമ്പുഴയുമായി ബന്ധപ്പിക്കുന്നതിന് ഈ പദ്ധതി പൂർത്തീകരണത്തിലൂടെ ലക്ഷ്യമിടുന്നുണ്ട്. അത് ഏറ്റവും ആവശ്യവുമാണ്. മൈലാടിപ്പുഴയ്ക്ക് കുറുകെ ഒരു പാലവും അതിന്റെ അപ്രോച്ച് റോഡുമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചുകഴിഞ്ഞു. അതിന്റെ ഡിസൈൻ ചെയ്യുന്നതിനുവേണ്ടി ഡിസൈൻ ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. ഡിസൈൻ വർക്ക് അതിവേഗം പുരോഗമിച്ചുവരികയാണ്. അധിക കാലതാമസം കൂടാതെ സമർപ്പിക്കുന്നതാണ്. ഡിസൈൻ കിട്ടിക്കഴിഞ്ഞാണ് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറേക്കണ്ടത്. അതാണ് പാലത്തെ സംബന്ധിച്ചുള്ള വിശദീകരണം. അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് സ്വകാര്യ വ്യക്തികളുടെ സ്ഥലം വേണം. അത് സൗജന്യമായി നൽകുന്നതാണെന്ന് ജനപ്രതിനിധികളും സ്ഥലവാസികളും അറിയിച്ചിട്ടുണ്ട്. വനം വകുപ്പിന്റെ സ്ഥലവും ആവശ്യമാണ്. അവർ അനുമതി നൽകിയിട്ടില്ല. അതാണ്

പ്രധാനപ്പെട്ട വിഷയം. അതിന്റെയടിസ്ഥാനത്തിൽ മരാമത്ത് ഉദ്യോഗസ്ഥരും പഞ്ചായത്ത് പ്രതിനിധികളും സ്ഥലവാസികളും ചേർന്ന് സംയുക്ത പരിശോധന നടത്തിയിരുന്നു. വനം വകുപ്പിന്റെ സ്ഥലം വിട്ടുകിട്ടുന്നതിനായി പൊതുമരാമത്ത് വകുപ്പ് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതാണ്. പ്രോജക്റ്റിനായി ഉൾപ്പെടുത്തുന്ന മുഴുവൻ വസ്തുവിന്റെയും സർവ്വേ നമ്പർ അടക്കമുള്ളത് കാണിക്കേണ്ടതുകൊണ്ട് മരാമത്ത് വകുപ്പിന് ലഭ്യമല്ലാത്തതിനാൽ റവന്യൂ വകുപ്പിനോട് അത് ആവശ്യപ്പെട്ടിട്ടുണ്ട്. ആ റിപ്പോർട്ട് ഇതുവരെയും ലഭിച്ചിട്ടില്ല. ഉടനെ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. റവന്യൂ വകുപ്പിന്റെ റിപ്പോർട്ടും, വനം വകുപ്പിന്റെ സ്ഥലം വിട്ടുകിട്ടാനുള്ള അനുവാദവും കിട്ടിയാൽ മാത്രമേ പൂർണ്ണമായ ഡി.പി.ആർ. തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. ഈ രണ്ട് പ്രശ്നമാണുള്ളത്. വനം വകുപ്പിന്റെ കാര്യങ്ങളെല്ലാം കാലതാമസം നേരിടും. അതിന് ഒരു മാറ്റവും വരുത്തുന്നില്ല. ഇതിനുവേണ്ടിയുള്ള അടിയന്തര നടപടികൾ വനം, പൊതുമരാമത്ത്, റവന്യൂ എന്നീ വകുപ്പുകൾ സ്വീകരിക്കുന്നതാണ്. ആവശ്യമെങ്കിൽ ബഹുമാനപ്പെട്ട മന്ത്രിമാരും ഉൾപ്പെട്ട് അവലോകന യോഗം ശ്രീ. വി.എസ്. അച്ചുതാനന്ദന്റെ സാന്നിദ്ധ്യത്തിൽ നടത്താനും പൊതുമരാമത്ത് വകുപ്പ് തയ്യാറാണ്.

റോഡ് നിർമ്മാണത്തിലെ അപാകത

ശ്രീ. മഞ്ഞളാംകുഴി അലി: സർ, അശാസ്ത്രീയമായ റോഡ് നിർമ്മാണം എത്രത്തോളം വലിയ അപകടങ്ങൾ ഉണ്ടാക്കുമെന്നതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് പാലക്കാട്-കോഴിക്കോട് ദേശീയപാതയിൽ 18-03-2018-ൽ ഉണ്ടായ ടാങ്കർ ലോറി അപകടം. ദേശീയപാതയിൽ കഞ്ചിക്കോട് എച്ച്.പി. ഗ്യാസ് പ്ലാന്റിലേയ്ക്ക് പോയ ടാങ്കർ ലോറി പെരിന്തൽമണ്ണ തിരുർക്കാടിന് സമീപം പനങ്ങാങ്ങര അരീപ്രയിൽ വച്ചുണ്ടായ അപകടത്തിൽ ഗ്യാസ് ലീക്ക് ചെയ്ത് മണിക്കൂറുകളോളം പ്രദേശത്തെ പരിഭ്രാന്തിയിലാക്കുകയും രണ്ട് ദിവസത്തോളം ഗതാഗതം തടസ്സപ്പെടുകയും ചെയ്തു. യഥാസമയം രക്ഷാപ്രവർത്തനങ്ങൾ നടത്തിയതുകൊണ്ട് മാത്രമാണ് വലിയ ദുരന്തമുണ്ടാകാത്തത്. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ നാലാം തവണയാണ് സമാന രീതിയിൽ അരീപ്ര വളവിൽ ടാങ്കർ ലോറി മറിഞ്ഞ് അപകടമുണ്ടാകുന്നത്. മുമ്പ് ഇവിടെ ആളുകൾ വരെ മരണപ്പെട്ടിട്ടുണ്ട്. ദേശീയ പാത ആയതിനാൽ പരിചയമില്ലാത്ത വലിയ വാഹനങ്ങളാണ് പലപ്പോഴും അപകടത്തിൽപ്പെടുന്നത്. ഈ ഭാഗത്തെ 'എസ്' ആകൃതിയിലുള്ള വളവും ഇറക്കവുമാണ് സ്ഥിരമായി അപകടമുണ്ടാകുന്നതിന് കാരണം. മലപ്പുറം

ജില്ലയിലെത്തന്നെ മറ്റൊരു അപകട വളവായ വട്ടപ്പാറയുടെ ഒരു സഹോദരനാണ് ഈ വളവ്. വളവ് നിവർത്തി പുനർ നിർമ്മിക്കുന്നതിന് ഭൂമിശാസ്ത്രപരമായി വളരെ അനുകൂലമായ സ്ഥിതിയാണ് ഈ റോഡിനുള്ളത്. നിരന്തരം വൻദുരന്തത്തിനുതന്നെ കാരണമാവുന്ന തരത്തിലുള്ള അപകടകരമായ റോഡായതിനാൽ ഈ വളവ് നിവർത്തി ശാസ്ത്രീയമായ റോഡ് പുനർനിർമ്മിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, നാഷണൽ ഹൈവേ 966 കോഴിക്കോട്-പാലക്കാട് ദേശീയ പാതയിൽ അരീപ്ര ഒരു അപകട വളവ് തന്നെയാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. മഞ്ഞളാംകുഴി അലി ഇവിടെ അത് പറഞ്ഞുകഴിഞ്ഞു. ഈ റോഡ് പൊതുമരാമത്ത് ദേശീയ വിഭാഗം ഏറ്റെടുക്കുമ്പോഴും ഇതേ അലൈൻമെന്റാണ് ഉണ്ടായിരുന്നത്. ആ അലൈൻമെന്റിന് ഇപ്പോഴും മാറ്റം വരുത്തിയിട്ടില്ല. ഇപ്പോൾ നടത്തിവരുന്ന റോഡ് സുരക്ഷാ ഓഡിറ്റിംഗ് റിപ്പോർട്ടിൽ ഈ ഭാഗവും പഠനവിധേയമാക്കിയിട്ടുണ്ട്. ആയതിൻ പ്രകാരമുള്ള

നിർദ്ദേശങ്ങളനുസരിച്ച് ഭൂമി ഏറ്റെടുത്തുകൊണ്ട് അപകടങ്ങൾ കുറയ്ക്കാൻ വളവ് നിവർത്തുന്നതടക്കമുള്ള പുനർ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ദേശീയ പാത വീതികൂട്ടൽ

ശ്രീ. ബി. സത്യൻ: സർ, വളരെ ഗൗരവമുള്ള വിഷയമാണിത്. പൊതുമരാമത്ത് വകുപ്പുമന്ത്രിയായി അങ്ങ് ചുമതലയേറ്റെടുത്തശേഷം ദേശീയ പാതയിലുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കാനും ദേശീയപാതയിൽ ആറ്റിങ്ങൽ ഭാഗത്ത് നിരന്തരമായി ഉണ്ടാകുന്ന അപകടങ്ങളും അപകടമരണങ്ങളും അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയും അങ്ങ് തന്നെ വന്ന് നഗരസഭയും ജനങ്ങളുമായി ഒരു യോഗം ചേരുകയും സ്ഥലമെല്ലാം കണ്ടുപോകുകയും ചെയ്തതാണ്. നാറ്റ്പാക് നടത്തിയ ഒരു പഠനവും ദേശീയപാത അതോറിറ്റിയുടെ പഠനവും പ്ലാനിംഗ് ബോർഡും ഇക്കാര്യം വളരെ ഗൗരവത്തോടുകൂടി എടുത്താണ് ദേശീയപാതയുടെ ഭാഗമായിട്ടുള്ള പൂവമ്പാറ മുതൽ നാലുമുക്ക് വരെയുള്ള ഭാഗം വികസിപ്പിച്ചെടുക്കുന്നതിന് ഏതാണ്ട് 22.75 കോടി രൂപ ആദ്യഘട്ടവും പിന്നീട് 2 കോടി രൂപ അങ്ങും നൽകി വലിയ പദ്ധതി തയ്യാറാക്കിയത്. ഈ സന്ദർഭത്തിൽ ഈ പദ്ധതിയുമായി

മുന്നോട്ടുപോകാനുള്ള പ്രയാസം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇതിന്റെ ഭാഗമായി വലിയൊരു പരിശ്രമവും നടത്തി. അങ്ങ് ഒരു യോഗം വിളിച്ചുകൂട്ടി, റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം വിളിച്ചുകൂട്ടി. പുറമ്പോക്കുകൾ കണ്ടെത്താനും സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങൾ വിട്ടുകിട്ടുന്നതിനും വേണ്ടി വലിയൊരു പരിശ്രമം നടത്തി. ദേശീയപാത അതോറിറ്റി തയ്യാറാക്കിയിരിക്കുന്ന അലൈൻമെന്റ് പ്രകാരം 20 മീറ്ററാണ് വീതി പറയുന്നത്. 20 മീറ്റർ എല്ലാഭാഗത്തും കണ്ടെത്താനുള്ള പ്രയാസമുണ്ട്. അത് വിശേഷിച്ചും നാലുമുക്ക് മുതൽ കച്ചേരിനട വരെ വരുന്ന ഭാഗത്ത് 20 മീറ്ററാക്കി എടുക്കാൻ വലിയ പ്രയാസമനുഭവിക്കുന്നു. സ്വകാര്യ വ്യക്തികൾ സൗജന്യമായി ഭൂമി വിട്ടുതരാനുള്ള ബുദ്ധിമുട്ട് അറിയിച്ചിരിക്കുന്നു. ഇക്കാരണം കൊണ്ട് ഈ പദ്ധതി നഷ്ടപ്പെടുത്തരുത് എന്നാണ് പറയാനുള്ളത്. ആറ്റിങ്ങൽ നിവാസികളുടെയും ദേശീയപാത വഴി കടന്നുപോകുന്ന എല്ലാവരുടെയും ആവശ്യമാണ് ഈ സബ്മിഷനിലൂടെ ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ചില നീക്കുപോക്കുകൾ വരുത്തി പദ്ധതി നടപ്പിലാക്കുന്നതിന് ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയറും റവന്യൂ വകുപ്പും സ്ഥലം സന്ദർശിക്കുകയും വീണ്ടുമൊരു റീ-അലൈൻമെന്റ് ഫിക്സ്

ചെയ്യുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. ഈ സാഹചര്യത്തിൽ അങ്ങ് ഇതിന്റെ ഗൗരവവും പ്രാധാന്യവും കണക്കിലെടുത്ത് ഈ പദ്ധതി നടപ്പിലാക്കാൻ വേണ്ടിയുള്ള പ്രത്യേക അനുമതി ഈ വിഷയത്തിൽ നൽകണമെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട ആറ്റിങ്ങൽ അംഗം ശ്രീ. ബി. സത്യൻ ഉന്നയിച്ചതായ ദേശീയപാതയിൽ മൂന്നുമുക്ക് മുതൽ പൂവമ്പാറ വരെ വീതി കൂട്ടുന്നതിന് കാര്യമായ തടസ്സങ്ങൾ സംഭവിച്ചുവെന്നുള്ളത് സത്യമാണ്. 2014-ൽ പ്ലാനിംഗ് ബോർഡിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ആറ്റിങ്ങൽ ദേശീയപാത 47-ൽ ഗതാഗതത്തിരക്ക് കുറയ്ക്കുന്നതിനായി നാറ്റ്പാക് റിപ്പോർട്ട് തയ്യാറാക്കാൻ തീരുമാനിച്ചു. 2014 ജൂലൈ 6-ന് ബഹുമാനപ്പെട്ട എം.എൽ.എ. തന്നെ ടൗൺ ഹാളിൽ യോഗം വിളിച്ചുചേർത്തു. ആവശ്യമായ സ്ഥലം സൗജന്യമായി നൽകാമെന്ന് നഗരസഭ ഓഫർ ചെയ്തു. പി.ഡബ്ല്യു.ഡി. അതിനുവേണ്ടി 22 കോടി 75 ലക്ഷം രൂപ ഭരണാനുമതി നൽകുകയും ചെയ്തു. പക്ഷേ സ്ഥലമേറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് നൽകാൻ നഗരസഭയ്ക്ക് കഴിഞ്ഞില്ല. തുടർന്ന് 2015 ഡിസംബർ 21-ന് ആറ്റിങ്ങൽ ചെയർമാന്റെ കത്തുപ്രകാരം 80

ശതമാനം സ്ഥലം ലഭ്യമാണെന്നും ടെൻഡർ ആരംഭിക്കാമെന്നും പറയുകയുണ്ടായി. കത്തിന്റെ അടിസ്ഥാനത്തിൽ ടെൻഡർ നടത്തി. 23-12-2016-ൽ ടെൻഡർ സർക്കാർ അംഗീകരിക്കുകയും ചെയ്തു. പക്ഷേ സ്ഥലമേറ്റെടുത്ത് നൽകാൻ നഗരസഭയ്ക്ക് കഴിയാത്തതിനാൽ ടെൻഡർ ക്യാൻസലായി പോകുകയാണുണ്ടായത്. ഇപ്പോൾ ആ സ്ഥലം കിട്ടാൻ യാതൊരു സാധ്യതയുമില്ല. ആളുകൾ സ്ഥലം തരാൻ തയ്യാറല്ലെന്നുള്ള നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ട് ട്രഷറിയുടെയും നഗരസഭയുടെയും ഉടമസ്ഥതയിലുള്ള ഭൂമി വിട്ടുതരാൻ തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് അംഗീകരിക്കുകയാണെങ്കിൽ കോസ്റ്റൽ ഡിപ്പാർട്ടുമെന്റിന്റെ കുറച്ച് ഭൂമികൂടി തരാമെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. ഈ സ്ഥലമെല്ലാം കിട്ടുകയാണെങ്കിൽ വീണ്ടും ഡി.പി.ആർ. തയ്യാറാക്കാനും ഇത്തിരി വീതി കുറച്ച് റോഡ് നിർമ്മിക്കാൻ കഴിയുമെന്നുമാണ് പ്രതീക്ഷിക്കുന്നത്. ഭൂമിയുടെ ലഭ്യതയനുസരിച്ച് 20 മീറ്ററിന് പകരം അൽപ്പം കുറച്ച് പണിയുന്നതിനെപ്പറ്റി ആലോചിക്കാവുന്നതാണ്. ഇപ്പോൾ ലഭിച്ചിട്ടുള്ള സ്ഥലങ്ങൾ മുഴുവൻ അളന്ന് തിട്ടപ്പെടുത്തി റിപ്പോർട്ട് നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. 45 മീറ്റർ റൈറ്റ് ഓഫ് വേയെ

നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിൽനിന്നും ആറ്റിങ്ങൽ ടൗണിനെ ഒഴിവാക്കിയിട്ടുണ്ട്. ബൈപ്പാസാണ് കൊടുത്തിരിക്കുന്നത്. മണമ്പൂർ-മാമം ബൈപ്പാസാണ് പ്രൊപ്പോസ് ചെയ്തിരിക്കുന്നത്. ആറ്റിങ്ങൽ ടൗൺ ഇംപ്രൂവ്മെന്റ് പദ്ധതിയിൽ സ്ഥലമേറ്റെടുക്കാനുള്ള തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ നിലവിലുള്ള പുറമ്പോക്ക് അതിൽ നിശ്ചയിച്ച് ഏറ്റെടുത്തശേഷം നാലുമുക്ക് കച്ചേരി ജംഗ്ഷൻ വികസിപ്പിക്കുകയും പാലസ് റോഡ് നിലവിലുള്ള രീതിയിൽ പണി തുടരുകയും ചെയ്യാവുന്നതാണ്. പ്രൈവറ്റ് ബസ് സ്റ്റാന്റ് നേരത്തെ മുനിസിപ്പാലിറ്റി തീരുമാനിച്ചിരുന്നതുപോലെ മാമത്തേയ്ക്ക് മാറ്റി സ്ഥാപിക്കുകയും ചെയ്താൽ ഗതാഗതക്കുരുക്ക് ഒരു പരിധിവരെ കുറയ്ക്കാൻ സാധിക്കും. കച്ചേരിക്കും മൂന്നുമുക്കിനും ഇടയിലുള്ള ദേശീയപാത കേന്ദ്ര സർക്കാരിന്റെ പീരിയോഡിക്കൽ റിവ്യൂ പദ്ധതിയിൽ ഇപ്പോൾ ഗവൺമെന്റ് ഉൾപ്പെടുത്തിയിട്ടുണ്ട്. റീ-സർഫസിംഗിന് കേന്ദ്ര ഗവൺമെന്റിൽനിന്നും അനുവാദവും ലഭിച്ചിട്ടുണ്ട്. സർക്കാർ അനുവദിച്ച തുക കച്ചേരി മൂന്നുമുക്ക് ജംഗ്ഷനുകളുടെ വികസനത്തിനായും പാലസ് റോഡ് വൺവേയാക്കി പുനരുദ്ധരിക്കാനും വിനിയോഗിക്കാവുന്നതാണ്. സർക്കാർ ഭൂമിയായ താലൂക്ക് ഓഫീസ് കോംപ്ലക്സിന് മുന്നിലുള്ള സ്ഥലം മിനി സിവിൽ സ്റ്റേഷൻ ഏറ്റെടുത്ത്

തിരുവനന്തപുരം ഭാഗത്തേയ്ക്ക് വരുന്ന ബസ്സുകൾ നിർത്താനുള്ള ബസ് ബേ ആക്കുന്നതിനും ഈ ഭാഗത്തേയ്ക്കുള്ള ഗതാഗതക്കുരുക്ക് ഒരു പരിധിവരെ കുറയ്ക്കാൻ സഹായകരമായിരിക്കും. പുതിയ കണ്ടെത്തലുകളുടെയും ലഭ്യമായ സൗകര്യങ്ങളുടെയും അടിസ്ഥാനത്തിൽ പുന:സംവിധാനം ചെയ്യാനും പ്രശ്നം പരിഹരിക്കാനും കഴിയുമെന്നുമാണ് ഗവൺമെന്റ് കരുതുന്നത്.

ടെക്സ്റ്റൈൽസ് നവീകരണം

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന കോട്ടയം ടെക്സ്റ്റൈൽസിന്റെ നവീകരണം സംബന്ധിച്ചാണ് ഈ സബ്മിഷൻ ഞാൻ ഉന്നയിക്കുന്നത്. കേരളത്തിൽ ഏറ്റവും ലാഭകരമായി പ്രവർത്തിച്ചിരുന്ന ടെക്സ്റ്റൈൽ മേഖലയിലെ നല്ല മില്ലായിരുന്നു കോട്ടയം ടെക്സ്റ്റൈൽസ്. നിർഭാഗ്യവശാൽ ഇപ്പോൾ അത് അടച്ചുപൂട്ടൽ ഭീഷണി നേരിടുകയാണ്. സ്ഥാപനം നിലനിർത്തുന്നതിനുവേണ്ട നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. നൂറുകണക്കിന് തൊഴിലാളികൾ അവിടെ ജോലി ചെയ്യുന്നു. അവരെല്ലാം ഇന്ന് ആശങ്കയിലാണ്. കാരണം പലർക്കും ജോലിയില്ലാത്ത ഒരു സാഹചര്യത്തിലേയ്ക്ക് വന്നിരിക്കുകയാണ്. കാലപ്പഴക്കംമൂലം

ജീർണ്ണാവസ്ഥയിലായ മെഷീനറികളാണ് അവിടെ ഭൂരിപക്ഷവുമുള്ളത്. ഇതെല്ലാം നവീകരിക്കാൻ കഴിയുന്ന വിധത്തിൽ പുതിയ മെഷീനറി സ്ഥാപിക്കേണ്ടതാവശ്യമാണ്. ഉല്പാദനക്ഷമത കുറഞ്ഞതുകൊണ്ട് കൂടുതൽ കാര്യങ്ങൾ ചെയ്യുന്നതിനുള്ള തടസ്സങ്ങൾ നേരിട്ടിട്ടുണ്ട്. നല്ല മെഷീനറി ഇവിടെ വാങ്ങുന്നതിനുള്ള സാഹചര്യമുണ്ടാകണം. അതുപോലെ തന്നെ ഇവിടെ മൂന്ന് ഷിഫ്റ്റ് പ്രവർത്തിച്ചുകൊണ്ടിരുന്നതാണ്. നിർഭാഗ്യവശാൽ ഇപ്പോൾ മൂന്ന് ഷിഫ്റ്റ് നടത്താൻ കഴിയുന്നില്ല. മൂന്ന് ഷിഫ്റ്റ് നടത്തുകയാണെങ്കിൽ വീണ്ടും ലാഭകരമാക്കി മാറ്റാൻ കഴിയും. അതിന് കഴിയുന്ന വിധത്തിലുള്ള ഒരു സാഹചര്യത്തിലേയ്ക്ക് വരണം എന്നുള്ളത് അഭ്യർത്ഥിക്കുന്നു. 20 ഏക്കറോളം സ്ഥലം കോട്ടയം ടെക്സ്റ്റൈൽസിന്റെ കീഴിലുണ്ട്. ഇവിടെ ഗാർമെന്റ്സ് യൂണിറ്റുപോലെയുള്ള യൂണിറ്റുകൾ പുതുതായി തുടങ്ങാൻ സാഹചര്യമുണ്ടാകുകയാണെങ്കിൽ ഏറ്റവും വിപുലമായ സാധ്യതകൾ, അവിടെ ഉത്പാദിപ്പിക്കുന്ന നൂല് അവിടെത്തന്നെ തുണിയാക്കി മാറ്റാനും മറ്റ് ഉല്പന്നങ്ങളാക്കി മാറ്റാനും കഴിയുന്ന ഏറ്റവും അനുകൂലമായ സാഹചര്യം അവിടെ നിലനിൽക്കുകയാണ്. അത് പ്രയോജനപ്പെടുത്താൻ കഴിയുന്ന വിധത്തിലുള്ള നടപടികളുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. അതോടൊപ്പം തന്നെ,

ഇപ്രാവശ്യത്തെ ബഡ്ജറ്റിൽ ടെക്സ്റ്റൈൽ മേഖലയ്ക്കുവേണ്ടി പൊതുവായിട്ടാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തുക പ്രഖ്യാപിച്ചിട്ടുള്ളത്. കോട്ടയം ടെക്സ്റ്റൈൽസിന്റെ നവീകരണത്തിനുവേണ്ടി ബഡ്ജറ്റ് പ്രൊവിഷനിൽ നിന്ന് ന്യായമായ ഒരു വിഹിതം അനുവദിച്ചുതരാൻ അങ്ങ് നടപടി സ്വീകരിക്കണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം തന്നെ ഞാൻ സബ്മിഷനിൽ ഒരു കാര്യം കൂടി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇന്ന് കേരളത്തിലെ ടെക്സ്റ്റൈൽ മേഖല മുഴുവൻ പ്രതിസന്ധിയിലായിരിക്കുന്നു. കഴിഞ്ഞ ദിവസം എല്ലാ യൂണിയനുകളും പങ്കെടുത്തുകൊണ്ട് സെക്രട്ടേറിയറ്റിലേയ്ക്ക് മാർച്ച് നടത്തുകയുണ്ടായി. അവരുടെ ആശങ്കയുടെ ഭാഗമായിട്ടാണത്. അതുകൊണ്ട് ടെക്സ്റ്റൈൽ മില്ലിലെ തൊഴിലാളികളുടെ മുടങ്ങിക്കിടക്കുന്ന ശമ്പളപരിഷ്കരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ നടപ്പാക്കുവാനും ടെക്സ്റ്റൈൽ മിൽ തൊഴിലാളികൾക്ക് അവരുടെ ആവശ്യങ്ങൾ സംബന്ധിച്ച് ഗവൺമെന്റ് ചർച്ച നടത്തുവാനും ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കുവാനും തയ്യാറാകണമെന്നുകൂടി ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കോട്ടയം ടെക്സ്റ്റൈൽ മില്ലിന് 35

വർഷത്തെ കാലപ്പഴക്കമുണ്ട്. 24956 സ്പിൻഡിൽ സ്ഥാപിതശേഷിയാണ് ഈ മില്ലിന് നിലവിലുള്ളത്. മെഷിനറികളുടെ കാലപ്പഴക്കവും നേരത്തെ പറഞ്ഞതുപോലെ തൊഴിലാളികളുടെ ഹാജരില്ലായ്മയുംമൂലമുള്ള വലിയ പ്രശ്നമാണ് ആ മില്ലിലുള്ളത്. ഒരു കാര്യം കൂടി, ചില മില്ലുകളിൽ സ്ത്രീ തൊഴിലാളികൾ ഉൾപ്പടെ പണിയെടുക്കാൻ തയ്യാറാണെങ്കിലും കേന്ദ്ര തൊഴിൽ നിയമം നമുക്ക് അനുകൂലമല്ലാത്തതുകൊണ്ട് രാത്രി ഷിഫ്റ്റിൽ അവരെ പണിയെടുപ്പിക്കാൻ കഴിയാത്ത സ്ഥിതിയും ഉത്പാദനശേഷിയെ ബാധിച്ചിട്ടുണ്ട്. 2016-17-ൽ 1.55 ലക്ഷം കിലോഗ്രാം നൂലും 2017-18-ൽ 3.25 ലക്ഷം കിലോഗ്രാം നൂലും ഉത്പാദിപ്പിച്ചുവെങ്കിലും മുൻകാല ഉത്പാദനത്തിന്റെ 40 ശതമാനത്തോളം മാത്രമാണ് ഇപ്പോൾ ഉത്പാദിപ്പിക്കാൻ കഴിയുന്നത്. ഇതുമൂലം പ്രവർത്തന മൂലധനത്തിൽ വൻ ചോർച്ചയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ സാഹചര്യത്തിലും സർക്കാർ സെൻട്രലൈസ്ഡ് കോട്ടൺ പർച്ചേയ്സ് കമ്മിറ്റി പുനഃസംഘടിപ്പിച്ച് എല്ലാ മില്ലുകൾക്കും കോട്ടൺ വാങ്ങി നൽകാൻ നടപടികൾ സ്വീകരിച്ചു. 15 കോടി രൂപ ഇതിനുവേണ്ടി പ്രത്യേകം അനുവദിച്ചു നൽകി. കൈത്തറി മേഖലയിൽ നിന്ന് 11 കോടി രൂപയും കെ.എസ്.ഐ.ഡി.സി.-യിൽനിന്ന് 10 കോടി രൂപയും വായ്പയായി വാങ്ങി സീസണിൽ കോട്ടൺ

മൊത്തമായി വാങ്ങി നൽകുന്നതിന് ഇപ്പോൾ നടപടികൾ സ്വീകരിച്ചിരിക്കുകയാണ്. ഇതിന്റെ ഭാഗമായി കോട്ടയം ടെക്സ്റ്റൈൽസിന് 2016-17-ൽ 2.76 കോടി രൂപയും 2017-18-ൽ 3.34 കോടി രൂപയും ഉൾപ്പടെ ഈ സർക്കാkottayam textiles ർ 6.10 കോടി രൂപ അനുവദിക്കുകയുണ്ടായി. 2018-19-ലെ ബഡ്ജറ്റിൽ എല്ലാ സ്പിന്നിംഗ് യൂണിറ്റുകൾക്കുമായി കോട്ടൺ പൊതുവായി വാങ്ങുന്നതിന് 20 കോടി രൂപ ഉൾപ്പടെ 96.20 കോടി രൂപ ടെക്സ്റ്റൈൽ മേഖലയ്ക്ക് വകയിരുത്തിയിട്ടുണ്ട്. നവീകരണ പ്രക്രിയയുടെ ഭാഗമായി കോട്ടയം ടെക്സ്റ്റൈൽസും ഘട്ടംഘട്ടമായി നവീകരിക്കുന്നതിനുള്ള പദ്ധതികൾ ആലോചിക്കുന്നതാണ്. അങ്ങ് പറഞ്ഞതുപോലെ, പൊതുവായി നീക്കിവച്ചിട്ടുള്ള ഈ സംഖ്യയിൽനിന്നും എങ്ങനെ സഹായിക്കാൻ കഴിയുമെന്നുള്ള കാര്യം ഗവൺമെന്റ് പ്രത്യേകം പരിശോധിക്കും. ടെക്സ്റ്റൈൽ മേഖലയിൽ വിവിധ പ്രശ്നങ്ങൾ നിലനിൽക്കുന്നുവെന്ന് അങ്ങ് പറഞ്ഞത് ശരിയാണ്. ഇത് പഠിക്കാൻവേണ്ടി ശ്രീ. പി. നന്ദകുമാർ ചെയർമാനായി ഒരു വിദഗ്ദ്ധ സമിതിയെ സർക്കാർ ചുമതലപ്പെടുത്തിയിരുന്നു. ആ സമിതിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. തൊഴിലാളി യൂണിയനുകളുമായി ചർച്ച നടന്നു. അതിന്റെ ഭാഗമായി റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ആ റിപ്പോർട്ടിൽ പ്രധാനമായും ഊന്നിയിട്ടുള്ളത്, മെഷിനറികളുടെ ഉത്പാദനക്ഷമത, തൊഴിൽക്ഷമത, വിഭവശേഷി

വിനിയോഗം, മാനേജ്മെന്റ് ശക്തിപ്പെടുത്തൽ എന്നിവയാണ്. സ്പിന്നിംഗ് മില്ലിലെ ആധുനികവൽക്കരണത്തിനുവേണ്ടി അവർ സമർപ്പിച്ചിട്ടുള്ളത് 496.81 കോടി രൂപയുടെ പ്രൊപ്പോസലാണ്. ഇത്രയും തുക ഒറ്റയടിക്ക് കണ്ടെത്താൻ നമുക്ക് കഴിയില്ല. ഘട്ടംഘട്ടമായി ഇത് ഏറ്റെടുത്ത് നടത്തണമെന്നുതന്നെയാണ് കാണുന്നത്. എൻ.സി.ഡി.സി. സഹായംകൂടി ഇക്കാര്യത്തിൽ ലഭ്യമാക്കാൻവേണ്ടിയുള്ള നടപടി സ്വീകരിക്കുന്നുണ്ട്. നവീകരണ പ്രക്രിയയുടെ ഭാഗമായി കോട്ടയം ടെക്സ്റ്റൈൽസ് മില്ലിന്റെ കാര്യവും ഉൾപ്പെടുത്തും.

വന്യമൃഗ ശല്യം

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ വന്യമൃഗ ശല്യം തടയുന്നതിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ഈ സബ്മിഷൻ സഭയിൽ ഉന്നയിക്കുന്നത്. എന്റെ നിയോജകമണ്ഡലമായ സുൽത്താൻ ബത്തേരി കർണ്ണാടക, തമിഴ്നാട് അതിർത്തി പങ്കിടുന്നതാണ്. കടുത്ത വരൾച്ച അനുഭവപ്പെടുന്ന ഈ സാഹചര്യത്തിൽ വന്യമൃഗങ്ങൾ ജനവാസകേന്ദ്രങ്ങളിൽ വൈകുന്നേരം 06.00 മണി മുതൽ നേരം പുലരുന്നതുവരെ കൃഷിയിടങ്ങളിലേയ്ക്കിറങ്ങി കർഷകരുടെ സ്വൈരജീവിതം തകർക്കുകയാണ്. ഒത്തിരിപ്പേരെ ആനയും കടുവയും കൊന്നു. ഫോറസ്റ്റ്

ഉദ്യോഗസ്ഥരുടെ ഇടപെടൽ കുറഞ്ഞുവരുന്നവെന്നുള്ളത് യാഥാർത്ഥ്യമാണ്. വന്യമൃഗങ്ങളെ നേരിടാനുള്ള ആയുധം കയ്യിലില്ലായെന്നുള്ളതാണ് അവരുടെ പരാതി. നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് വടക്കനാട്, വെള്ളുവാടി പ്രദേശത്ത് ഏകദേശം ഒരു മാസക്കാലമായി കാട്ടാനയുടെ ശല്യം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ഒരു മാസം മുമ്പ് ഒരു ആദിവാസി വാച്ചറായ കരിയനെ ആന കൊന്നു. ഇതിനൊരു ശാശ്വതമായ പരിഹാരം ഉണ്ടാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വകക്ഷിയുടെ നേതൃത്വത്തിൽ കർഷകസമിതി രൂപീകരിച്ചുകൊണ്ട് 17-03-2018-ന് രാവിലെ മുതൽ അവിടത്തെ പഞ്ചായത്ത് മെമ്പർ ശ്രീ. എ. കെ. മോഹനൻ, ശ്രീ. യു. സി. ഷൈൻ, നിഖിൽ ജോർജ് എന്നിവരും മതാദ്ധ്യക്ഷരും സർവ്വകക്ഷി നേതാക്കളും ആദിവാസി സുഹൃത്തുക്കളുമടക്കം എല്ലാവരെയും സംഘടിപ്പിച്ചുകൊണ്ട് 5 ദിവസമായി നിരാഹാര സമരം നടക്കുകയാണ്. ഈ സമരം അവസാനിപ്പിക്കും. അതോടൊപ്പംതന്നെ ഈ സമരക്കാർ ഉന്നയിക്കുന്ന കാര്യങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി സമരനേതാക്കളെ വിളിച്ച് ചർച്ച നടത്തി പ്രശ്നത്തിന് പരിഹാരം കാണണമെന്നാണ് ഈ സഭയിൽ ആവശ്യപ്പെടുന്നത്. മാത്രമല്ല, കന്മതിലും റെയിൽ ഫെൻസിംഗും ഉൾപ്പടെയുള്ള സംവിധാനങ്ങൾ; വയനാട്ടിൽ, കന്മതിലുകൾ പരീക്ഷണം നടത്തിയതാണ്, നന്നായി വിജയിച്ചിട്ടുണ്ട്. അങ്ങ് കഴിഞ്ഞ 2 മാസം മുമ്പ് യോഗം വിളിച്ച് ഇതുമായി

ബന്ധപ്പെട്ടുള്ള കാര്യത്തിൽ തീരുമാനം എടുത്തതാണ്. ആ കാര്യത്തെ കുറിച്ച് വളരെ ഗൗരവമായി മന്ത്രി ഇടപെട്ട് ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനുവേണ്ടി നടപടി സ്വീകരിക്കണം. വയനാട്ടിലെ കർഷകർ കൃഷി ഇറക്കുന്നു, വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നുവെന്നുള്ള ആശങ്കയാണ് നിലനിൽക്കുന്നത്. അത് പരിഹരിക്കാനുള്ള നടപടിയുണ്ടാകണമെന്ന് ആവശ്യപ്പെടുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ഇന്ന് ലോക വനദിനമാണ്. ആദ്യമായി ആ വിവരം എന്റെ പ്രിയ സുഹൃത്ത് ഐ. സി. ബാലകൃഷ്ണനെ ഓർമ്മിപ്പിക്കുകയാണ്. വനങ്ങൾ, വന്യജീവി ഇവയെല്ലാം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത നമ്മൾ ചർച്ച ചെയ്യുകയും അവയെ സംരക്ഷിക്കുമെന്നുള്ള പ്രതിജ്ഞയെടുക്കുകയും ചെയ്യേണ്ട ദിവസമാണിന്ന്. വയനാട് വന്യജീവി സങ്കേതത്തിൽപ്പെട്ട കുറിച്യാട്, സുൽത്താൻ ബത്തേരി, മുത്തങ്ങ എന്നീ റേഞ്ചുകൾ സുൽത്താൻ ബത്തേരി താലൂക്കിൽ ഉൾപ്പെട്ടുവരുന്നവയാണ്. വയനാട് വന്യജീവി സങ്കേതത്തിൽ നിലവിൽ 57 എൻക്ലോഷറുകളും 96 സെറ്റിൽമെന്റുകളും സ്ഥിതി ചെയ്യുന്നു. വനത്തിനുള്ളിലുള്ള എൻക്ലോഷറുകൾ ആയതിനാൽതന്നെ വനത്തിൽനിന്ന് ആന, കടുവ തുടങ്ങിയ ജീവികൾ ഇടയ്ക്കിടക്ക് ഈ പ്രദേശങ്ങളിൽ ഇറങ്ങുന്ന പ്രവണതയുണ്ട്. ഇവയ്ക്കുപുറമെ, കാട്ടുപന്നി, മാൻ, കുരങ്ങ്, മലയണ്ണാൻ,

മയിൽ എന്നിവയും ഈ പ്രദേശങ്ങളിലെ കൃഷിയിടങ്ങളിൽ ഇറങ്ങി കാർഷിക വിളകൾ നശിപ്പിക്കുന്ന സ്ഥിതിയുമുണ്ട്. 2010-11 മുതൽ നാളിതുവരെ ആനയുടെ ആക്രമണത്തിൽ 10 പേരും കടുവയുടെ ആക്രമണത്തിൽ 3 പേരും പാമ്പുകടിയേറ്റ് 2 പേരും മരണപ്പെട്ടിട്ടുണ്ട്. അതോടൊപ്പം 69 പേർക്ക് പരിക്കേറ്റിട്ടുമുണ്ട്. മറ്റ് അപകടങ്ങളുമായി തുലനം ചെയ്താൽ വന്യജീവി ആക്രമണംമൂലം മരിക്കുന്നവരുടെ എണ്ണം തുലോം കുറവാണ്. 6433 കാർഷിക വിള നഷ്ടപരിഹാര അപേക്ഷകളിൽ 297.18 ലക്ഷം രൂപ ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ആകെ 7232 നഷ്ടപരിഹാര അപേക്ഷകളിൽ 537 ലക്ഷം രൂപ ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. വന്യജീവി ആക്രമണം തടയുന്നതിനായി വിവിധ ശാസ്ത്രീയ മാർഗ്ഗങ്ങൾ സ്വീകരിച്ചുവരുന്നു. ഈ പ്രദേശത്തെ പ്രശ്നക്കാരനായ ഒരു ആനയെ 13-03-2018-ൽ റേഡിയോ കോളർ ഘടിപ്പിച്ച് പ്രത്യേക സോഫ്റ്റ്‌വെയർ ഉപയോഗിച്ച് നിരീക്ഷിച്ചുവരുന്നുണ്ട്. പ്രസ്തുത ആന പകൽ കാട്ടിൽ ആയിരുന്നുവെങ്കിലും രാത്രി ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങാൻ ശ്രമിച്ചപ്പോൾ ഉൾക്കാട്ടിലേയ്ക്ക് തുരത്തി ഓടിച്ചിട്ടുമുണ്ട്. അതെല്ലം ബഹുമാനപ്പെട്ട മെമ്പർക്കും അറിയാവുന്ന സംഗതിയാണ്. രാത്രി വൈകി സഞ്ചരിച്ചിരിക്കുന്ന നാട്ടുകാർക്ക് മുന്നറിയിപ്പ് നൽകുന്നതിനായി എസ്.എം.എസ്./ഏർളി വാണിംഗ് സിസ്റ്റം നടപ്പിൽ വരുത്തിയിട്ടുണ്ട്. ജനജാഗ്രതാ

യോഗങ്ങളിലൂടെ ഉരുത്തിരിഞ്ഞ് വരുന്ന മറ്റ് പ്രതിരോധ മാർഗ്ഗങ്ങളും നടപ്പിലാക്കിവരുന്നുണ്ട്. സുൽത്താൻ ബത്തേരി മണ്ഡലത്തിൽ വടക്കനാട് ഗ്രാമനിവാസികൾ വന്യജീവി ആക്രമണത്താൽ പൊറുതിമുട്ടുകയാണെന്നും അത് പരിഹരിക്കണമെന്നുമുള്ള വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടും 17-03-2018-ന് വയനാട് വൈൽഡ് ലൈഫ് ഡിവിഷൻ ഓഫീസിലേയ്ക്ക് പ്രതിഷേധ റാലി നടത്തുകയുണ്ടായി. കൊട്ടിയൂർ മാതൃകയിൽ വൈദ്യുതിവേലിയോടുകൂടിയ കന്മതിൽ സ്ഥാപിക്കുക, വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെടുന്നവരുടെ കുടുംബത്തിന് 50 ലക്ഷം രൂപ നഷ്ടപരിഹാരവും ആശ്രിതന് ജോലിയും നൽകുക, പരിക്കേൽക്കുന്നവർക്ക് ചികിത്സയും ഒരു ലക്ഷം രൂപ ധനസഹായവും നൽകുക, കന്നുകാലികൾക്ക് ഒരു ലക്ഷം രൂപയും ആടിന് 50,000/- രൂപയും നഷ്ടപരിഹാരം നൽകുക തുടങ്ങിയ ആവശ്യങ്ങളാണ് അവർ ഉന്നയിച്ചത്. അന്ന് ഉച്ചയ്ക്ക് 03.00 മണി മുതൽ വൈൽഡ് ലൈഫ് ഓഫീസിനു മുമ്പിൽ ഉയർത്തിയ സമരപ്പന്തലിൽ ഇതേ ആവശ്യങ്ങൾ ഉന്നയിച്ച് നിരാഹാര സമരം നടന്നുവരികയാണ്. വയനാട് വൈൽഡ് ലൈഫ് വാർഡൻ സമരക്കാരെ നേരിൽ സന്ദർശിച്ചു. വയനാട് ജില്ലാ കളക്ടറുമായി ബന്ധപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇന്ന് അദ്ദേഹം ഈ വിഷയങ്ങൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ടുള്ള ഒരു ആലോചനാ യോഗം വിളിക്കുമെന്ന്

അറിയിച്ചിട്ടുണ്ട്. ബന്ധപ്പെട്ട എല്ലാ ഫോറസ്റ്റ് ഉദ്യോഗസ്ഥരും ആ യോഗത്തിൽ പങ്കെടുക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ വയനാട് ജില്ലയിലെ പ്രത്യേക സ്ഥിതിവിശേഷം പരിഗണിച്ചുകൊണ്ട് വയനാട് ജില്ലയിലെ എം.എൽ.എ.-മാരുടെയും ബന്ധപ്പെട്ടവരുയെടെയും ഒരു യോഗം തിരുവനന്തപുരത്തുതന്നെ വിളിക്കുന്നതിന് ഞാൻ ആലോചിക്കുന്നുണ്ട്. 27-ാം തീയതി ആ യോഗം വിളിച്ചുചേർക്കാനാണ് ഉദ്ദേശിക്കുന്നത്. മനുഷ്യജീവന് ആപത്ത് വരാത്തവണ്ണം സാധ്യമായിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് നമുക്ക് ആലോചിക്കാവുന്നതാണ്. നാലായിരത്തോളം ആളുകൾ താമസിക്കുന്ന വയനാട് മാത്രം 36 കിലോമീറ്റർ കരിങ്കൽ ഭിത്തി നിർമ്മിക്കേണ്ടിവരും. അതിന് 70 മുതൽ 100 കോടി രൂപ വരെ ചെലവ് വേണ്ടിവരുമെന്നുള്ള സ്ഥിതിയാണ്. എങ്കിൽപ്പോലും സാധ്യമായിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് ആലോചിക്കുന്നതാണ്.

<u>ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തൽ</u>

<u>ശ്രീ. ഹൈബി ഈഡൻ</u>: സർ, എറണാകുളം നഗരത്തിൽ കൊച്ചിൻ കോർപ്പറേഷന്റെ വാർഡ് നമ്പർ 63-ൽ ഗാന്ധിനഗർ എന്ന പ്രദേശത്ത് സ്ഥിതി ചെയ്യുന്ന പി. ആൻഡ് റ്റി. കോളനി, ഉദയ കോളനി എന്നീ കോളനികളിൽ ഉള്ളവർക്ക് ലൈഫ് പദ്ധതിയുടെ ഭാഗമായി ഭൂമി നൽകി വീട്

വച്ചുകൊടുക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

നിലവിൽ തൊണ്ണൂറോളം കുടുംബങ്ങളാണ് പി. ആൻഡ് റ്റി. കോളനിയിൽ അധിവസിക്കുന്നത്. ഇവർക്ക് നിലവിൽ പട്ടയമില്ല. സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള ഒ.ഡി.എഫ്. പദ്ധതി നടപ്പാകാത്ത ഒരു പ്രദേശം കൂടിയാണ്. അതിന് സാങ്കേതികമായ ഒരുപാട് കാരണങ്ങളുണ്ട്. കാൽ സെന്റ് മുതൽ ഒരു സെന്റ് വരെയുള്ള സ്ഥലത്താണ് ഓരോരുത്തരും കൈവശം വച്ചിട്ടുള്ളത്. അത് ഇന്റർ കണക്റ്റഡ് ആയിട്ടുള്ള വീടുകൾ ആയതുകൊണ്ടുതന്നെ മെയിന്റനൻസ് നടത്താനോ പബ്ലിക്ക് ടോയ്ലെറ്റുകൾ നിർമ്മിക്കാനോ ഇവർക്ക് സാധിക്കുന്നില്ല. ഒരു മഴ പെയ്താൽ പേരൻഡൂർ കനാലിൽനിന്നുള്ള മുഴുവൻ മാലിന്യങ്ങളും, കക്കൂസ് മാലിന്യമടക്കം ഇവരുടെ വീടുകളിലേയ്ക്ക് കയറുന്ന സാഹചര്യമുണ്ട്. റോഡിൽനിന്ന് 15 അടി താഴ്ചയുള്ള ഒരു വെള്ളക്കുഴിയിലാണ് ഇവരെല്ലാം താമസിക്കുന്നത്. അതുകൊണ്ടുതന്നെ ഇഷ്ടികയുടെ മുകളിൽ കട്ടിൽ പൊക്കി വച്ച്, ടി.വി.യും മറ്റ് സാമഗ്രികളുമെല്ലാം മുകളിൽ ഉയർത്തിപ്പിടിച്ച് കഴിയേണ്ട സാഹചര്യമാണ് നിലവിലുള്ളത്.

ഇത് സംസ്ഥാനത്ത് ആദ്യംതന്നെ പരിഗണിക്കേണ്ട ഒരു കേസാണ് എന്നത് ബഹുമാനപ്പെട്ട മന്ത്രിക്കും അറിയാം. അതുകൊണ്ടുതന്നെ ഇവരുടെ ജീവിതം,

മാലിന്യ സംസ്കരണ തൊഴിലാളികൾ അടക്കമുള്ള തൊഴിലാളികളുടെ ജീവിതം എറണാകുളം നഗരവുമായി ബന്ധപ്പെട്ട് ഉള്ളതായതുകൊണ്ടുതന്നെ, ഇതിന്റെ തൊട്ടടുത്തുള്ള, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ, ജി.സി.ഡി.എ.യുടെ അധീനതയിലുള്ള 35 സെന്റ് സ്ഥലത്ത് ഇവർക്ക് വീട് വച്ച് കൊടുക്കണം. ഉദയ കോളനിക്കാർക്ക് പട്ടയമുണ്ട്. പക്ഷേ ഇതേ സാഹചര്യം തന്നെയാണ്. അതുകൊണ്ട് ഈ രണ്ട് കോളനികളെയും ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ജി.സി.ഡി.എ.യുടെ ഈ സ്ഥലം അനുവദിച്ച് അവർക്ക് വീട് പണിത് കൊടുക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോടും ഗവൺമെന്റിനോടും ആവശ്യപ്പെടുകയാണ്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഉദയ കോളനിയിലെയും പി. ആൻഡ് റ്റി. കോളനിയിലെയും ഗുണഭോക്താക്കളുടെ പുനരധിവാസം ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ജി.സി.ഡി.എ.യുടെ 7 കോടി രൂപയോളം വില വരുന്ന 35 സെന്റ് സ്ഥലത്ത് വീട് നിർമ്മിച്ച് നൽകുന്ന പദ്ധതി ജി.സി.ഡി.എ. ചെയർമാൻ 06-03-2018 ന് പത്രസമ്മേളനം നടത്തി പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട ജി.സി.ഡി.എ.യുടെ അപേക്ഷ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്. അനുകൂലമായ നിലപാട് സർക്കാരിന്റെ ഭാഗത്തുനിന്നും

ഇക്കാര്യത്തിൽ ഉണ്ടാകുമെന്ന് അറിയിക്കുന്നു.